Draft #61 of File 17152/ADA1 SO/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 08-Jul-2021 10:26 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 17152/ADA1 SO/2020/എ ഡി എ 1 തീയതി: 08.07.2021

**സർക്കുലർ**

വിഷയം:- സർവ്വകലാശാല ഭരണം: കോവിഡ് 19 നിർവ്യാപനം - രോഗസ്ഥിരീകരണ നിരക്കിൻറെ അടിസ്ഥാനത്തിലുള്ള 'ലോക്ക് ഡൗൺ' ഇളവുകൾ - സർവ്വകലാശാല പ്രവർത്തനങ്ങളുടെ ക്രമീകരണം - പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 1. 23.06.2021 തീയതിയിലെ 17152/AD A1SO/2020/എ ഡി എ 1 നമ്പർ സർവ്വകലാശാല പരിപത്രം.
2. കേരള സംസ്ഥാന ദുരന്ത നിവാരണ (എ) വകുപ്പിൻറെ 06.07.2021 തീയതിയിലെ G.O. (Rt) No. 500/2021/DMD നമ്പർ ഉത്തരവ്.
3. കോട്ടയം, ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ 07.07.2021 ലെ ഉത്തരവ് നം. 2717/2020

-------------

കോവിഡ് നിർവ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി, സംസ്ഥാനത്ത് നിലനിന്നിരുന്ന ലോക്ക് ഡൗൺ നിയന്ത്രണങ്ങളിൽ, രോഗ സ്ഥിരീകരണ നിരക്കിൻറെ അടിസ്ഥാനത്തിൽ, ഇളവുകൾ നൽകിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ചിരുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, സർവ്വകലാശാല പ്രവർത്തനങ്ങളിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് സൂചന (1) പ്രകാരം പരിപത്രം പുറപ്പെടുവിച്ചിരുന്നു.

എന്നാൽ, രോഗ സ്ഥിരീകരണ നിരക്കിൻറെ അടിസ്ഥാനത്തിൽ ലോക്ക് ഡൗണിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുനഃക്രമീകരിച്ചു കൊണ്ട്, ടി പി ആർ 5 ൽ താഴെയുള്ള പ്രദേശങ്ങളെ എ വിഭാഗത്തിലും, 5 മുതൽ 10 വരെയുള്ള പ്രദേശങ്ങൾ ബി -യിലും, 10 മുതൽ 15 വരെയുള്ള പ്രദേശങ്ങളെ സി വിഭാഗത്തിലും, 15 -ന് മുകളിലുള്ള പ്രദേശങ്ങളെ ഡി വിഭാഗത്തിലും ഉൾപ്പെടുത്തി സൂചന (2) പ്രകാരം സർക്കാർ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നു. കൂടാതെ, എ, ബി വിഭാഗത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ സർക്കാർ ഓഫീസുകൾ മുഴുവൻ ജീവനക്കാരുമായും, സി വിഭാഗത്തിൽ ഉൾപ്പെടുന്ന സർക്കാർ ഓഫീസുകൾ 50% ജീവനക്കാരുമായും 2021 ജൂലൈ 8 മുതൽ പ്രവർത്തിക്കണമെന്നും നിർദ്ദേശിച്ചിരിക്കുന്നു.

മേൽ പരാമർശങ്ങളുടെ സാഹചര്യത്തിലും, സർവ്വകലാശാല സ്ഥിതി ചെയ്യുന്ന അതിരമ്പുഴ പഞ്ചായത്ത് സൂചന (3) പ്രകാരം സി വിഭാഗത്തിൽ ഉൾപ്പെടുന്നതിനാലും, 50% ജീവനക്കാരുമായി പ്രവർത്തിക്കുന്നതിന് സൂചന (1) പരിപത്രം പ്രകാരം സർവകലാശാലയിൽ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ തുടരുന്നതിന് വൈസ് ചാൻസലർ അംഗീകാരം നൽകിയിരിക്കുന്നു.

സർവ്വകലാശാല സ്ഥിതി ചെയ്യുന്ന അതിരമ്പുഴ പഞ്ചായത്ത് എ / ബി ക്യാറ്റഗറിയിൽ ഉൾപ്പെടുന്ന മുറയ്ക്ക് സർവ്വകലാശാല 100 % ഹാജർ നിരക്കിൽ പ്രവർത്തിക്കുന്നതാണ്.

ഒപ്പ്

**രമേഷ് ആർ**
അസിസ്റ്റൻറ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്
1. സെക്ഷനുകൾ/ സർവ്വകലാശാല പഠനവിഭാഗങ്ങൾ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. പി.ആർ.ഒ./ സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ
5. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഡേ ഫയൽ/ ഫയൽ കോപ്പി